











ADORE

# അഡോർ പ്രവർത്തന റിപ്പോർട്ട്
# 2021 - 22
# വയലേലകളിൽനിന്നും





ADORE Boys Hostel


Class I


Class II


Class III


Class IV



Class IV


Class V


Class VI






Class VII






Class VIII






Class IX



Literacy Program for adults at Meniadanga village



# ADORE MISSION
## 2021-2022
## വാർഷികറിപ്പോർട്ട്

കർത്താവിൽ പ്രിയ സഹോദരങ്ങളെ,

ക്രിസ്തു യേശുവിന്റെ നാമത്തിൽ എല്ലാ പ്രിയപ്പെട്ടവർക്കും സ്നേഹവന്ദനം.

2021–22 ലെ വാർഷിക റിപ്പോർട്ട് കോവിഡ് സംബന്ധിച്ചുള്ള പ്രതീക്ഷാ നിർഭരമായ വൃത്താന്തങ്ങൾ പറഞ്ഞുകൊണ്ട് തുടങ്ങാൻ കഴിയുന്നു എന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. ലോകം കൊടിയ പ്രതിസന്ധികളുടെ താഴ്വരകളെ അതിജീവിച്ചു മുന്നേറാൻ ആരംഭിച്ചിരിക്കുകയാണ്. അതിജീവനം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. ജനജീവിതം സാധാരണ നിലയിലേക്ക് തിരിച്ചു വന്നുകൊണ്ടിരിക്കുന്നു. വാഹനങ്ങളിലും തെരുവുകളിലും വ്യാപാര സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ദേവാലയങ്ങളിലും ഭക്ഷണശാലകളിലും ഉത്സവങ്ങളിലും ജനജീവിതത്തിന്റെ ആരവം തിരിച്ചെത്തികൊണ്ടിരിക്കുന്നു. ഒറ്റപ്പെടലിന്റെ ദുഃഖത്തിൽ നിന്നും കൂടിച്ചേരലുകളുടെ കൂട്ടായ്മയിലേക്കുള്ള മാറ്റം. പ്രതിസന്ധികൾ അവസാനിച്ചു എന്നല്ല പറയുന്നത്. കോവിഡ് മഹാമാരിയുടെ നാലാം തരംഗം ഉണ്ടായേക്കാം. റഷ്യ-യുക്രൈൻ യുദ്ധത്തിന്റെ ഫലമായി പ്രതിസന്ധികളും ഉടലെടുത്തേക്കാം. കാലാവസ്ഥ വ്യതിയാനത്തിന്റെയും വിലക്കയറ്റത്തിന്റെയും ഭീഷണി ലോകമെമ്പാടും പ്രത്യേകിച്ച് പിന്നോക്ക പ്രദേശങ്ങളിലെ വികസന പ്രക്രിയയകളെയാണ് കൂടുതൽ ബാധിച്ചുകൊണ്ടിരിക്കുന്നത്. ഈ ആഗോള പ്രതിസന്ധിയിലും ഒഡിഷയിലെ ഉൾഗ്രാമങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങൾ അഡോർ കൂട്ടായ്മ തുടർന്നുകൊണ്ടേയിരിക്കുന്നു. അതിനു ലഭിച്ചുകൊണ്ടിരിക്കുന്ന വലിയ ദൈവിക കൃപയ്ക്ക് ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ഒഡിഷ സംസ്ഥാനത്ത് റായ്ഗഡ ജില്ലയിൽ ജിമിദിപെട്ട എന്ന ഗ്രാമം കേന്ദ്രീകരിച്ചാണ് മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നത്. ജിമിദിപെട്ടയിൽ 50 പെൺകുട്ടികൾക്കു താമസിക്കാൻ സൗകര്യമുള്ള ഒരു ഹോസ്റ്റൽ നമുക്കുണ്ട്. അവിടെ നിന്നും

2 കിലോമീറ്റർ അകലെ 'ഗുഡം' എന്ന സ്ഥലത്ത് 30 കുട്ടികൾക്ക് താമസി ക്കാൻ സൗകര്യമുള്ള ആൺകുട്ടികളുടെ ഒരു ഹോസ്റ്റലും ഉണ്ട്.

ഇത് കൂടാതെ ഗ്രാമങ്ങളെ ശക്തിപ്പെടുത്തുവാനുള്ള പ്രവർത്തന ങ്ങളും നടന്നു വരുന്നു. അമ്പാഗുഡ (Ambaguda) ടെലിസു (Telisu) മെനിയാടംഗ (Meniadanga) എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് ഗ്രാമ പ്രവർത്തനങ്ങൾ 2021-2022 വർഷങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത്.

'ദൈവം സ്നേഹം തന്നെ' (1 യഹ. 4:8, 16) യേശുക്രിസ്തു വെളി പ്പെടുത്തിയത് ദൈവം സ്നേഹമാകുന്നു എന്നതാണ്. 'പിതാവിന്റെ മടി യിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ' സ്നേഹവാനായ ദൈവത്തെ വെളിപ്പെടുത്തിയിരിക്കുന്നു (യോഹ 1:18) ദൈവത്തെ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന് അതിസംബോധന ചെയ്യുവാൻ യേശു പഠി പ്പിച്ചു. ഈ സ്നേഹ വലയത്തിൽ സ്വന്തം ജാതിയായിരുന്ന യഹൂദന്മാ രേക്കാൾ പുറജാതിക്കാരനായിരുന്ന ശതാധിപനെ ബഹുമാനിക്കുകയും ഒടുവിൽ എല്ലാവർക്കും വേണ്ടി ക്രൂശിൽ മരണം വരിക്കുകയും ചെയ്തു കൊണ്ടാണ് ഈ സ്നേഹം വെളിവാക്കിയത്. സ്നേഹത്തിന്റെ നീളവും വീതിയും ആഴവും ഉയരവും കാണിക്കുന്ന ജീവിതശൈലിയിൽ ശത്രു വിനു പോലും കാണത്തക്കവണ്ണം ജഢധാരണം ചെയ്യുന്നതാണ്. "വിശ്വാ സം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനിൽക്കുന്നു. ഇവയിൽ വലുതോ സ്നേഹം തന്നെ (1 കൊരി 13:14) എന്ന് വി. പൗലോസ് ശ്ലീഹാ പഠിപ്പി ച്ചത് വിശ്വാസത്തെയും പ്രത്യാശയെയും ഉദാത്തമാക്കുവാൻ സ്നേഹ ത്തിന് കഴിയും എന്ന അർത്ഥത്തിൽ മനസ്സിലാക്കണം.

"ഏകത്വത്തിൽ സ്നേഹമില്ല
ദ്വിത്വസ്നേഹം പൂർണ്ണമല്ല
ത്രിത്വസ്നേഹം പൂർണ്ണമത്രെ
വാങ്ങാം, നല്കാം, പങ്കിട്ടീടാം"

ഈ ശ്ലോകം വി. ത്രിത്വത്തിലൂടെ നിത്യസ്നേഹം നമ്മൾക്ക് മനസ്സി ലാക്കി തരുന്നു. ത്രിത്വം തന്നിൽ തന്നെ നിത്യസ്നേഹം പങ്കിടുന്നതുപോലെ മാനവരാശി മുഴുവനും സ്വാർത്ഥത ത്യജിച്ച് സ്നേഹത്തിന്റെ പങ്കിടീൽ ഉള്ള ഒരു പുതിയ ലോകം (ദൈവരാജ്യം) സൃഷ്ടിക്കുകയാണ് നമ്മുടെ ദൗത്യം.

ഈ ദൗത്യത്തിന്റെ ഭാഗമായിട്ടാണ് അഡോർ പ്രവർത്തിക്കുന്നത്.

**2021–22 ലെ ഭരണസമിതി**

01.08.2021 ൽ കൂടിയ പൊതുയോഗത്തിൽ താഴെ പറയുന്നവരെ ഭരണസമിതിയിലേക്ക് തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രൊഫ. എ.വി. ഇട്ടി | - | പ്രസിഡന്റ് |
| ശ്രീ ജേക്കബ് ഈശോ | - | സെക്രട്ടറി |
| ശ്രീ. കോരുത് സാമുവൽ | - | ട്രഷറർ |
| ഡോ. കോശിജോർജ്ജ് | - | അംഗം |
| ശ്രീ. കെ.ജെ. ജോൺ | - | അംഗം |
| ശ്രീ. പി.ഒ. സണ്ണി | - | അംഗം |
| ശ്രീമതി ജയിനമ്മ എബ്രഹാം | - | അംഗം |

ഈ വർഷം നാലുതവണ ഈ ഭരണസമിതി കൂടിയിട്ടുണ്ട്. ഇതിൽ അഡോറിന്റെ ബൈലോ ഭേദഗതിക്കായി നിയമപ്രകാരം രണ്ട് വിശേഷാൽ പൊതുയോഗമാണ് കൂടിയത്. കൂടാതെ അഡോറിന്റെ ഒരു കുടുംബസംഗമവും കൂടുകയുണ്ടായി. ഈ മീറ്റിഗുകളെല്ലാം ഓൺലൈനായിട്ടാണ് കൂടിയത്.

**ഓഫീസ്**

കൊല്ലം കരിക്കോട് പ്രൊഫ. ആന്റണി ബെന്നിന്റെ ഒരു കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലാണ് അഡോറിന്റെ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ ഓഫീസ് സൗകര്യം അദ്ദേഹം അഡോറിന് സൗജന്യമായി നൽകുന്നുവെന്നത് നന്ദിയോടെ സ്മരിക്കുന്നു.

**വെബ്സൈറ്റ്**

ഇപ്പോൾ www.adoremission.org, www.adoremission.in എന്നീ വെബ്സൈറ്റുകൾ പ്രവർത്തനത്തിലാണ്.

**സർവ്വീസ് ക്വാർട്ടേർസ്**

പശു പാലനം, കൃഷി എന്നീ കാര്യങ്ങൾക്ക് ഒരു സഹായിയെ വളരെ കാലമായി അഡോർ അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇങ്ങനെയുള്ള സഹായിക്ക് കുടുംബമായി താമസിക്കുവാൻ നമ്മുടെ

ഹോസ്റ്റലിൽ സൗകര്യമില്ലാത്തതിനാൽ 2021 ൽ മാർച്ച് 28-ാം തീയതി യിൽ കൂടിയ അഡോർ ഭരണസമിതി എസ്.കെ. എബ്രഹാം മെമ്മോറി യൽ അഡോർ ഹോസ്റ്റൽ വളപ്പിന്റെ പ്രവേശന കവാടത്തിന്റെ സമീപ ത്തായി വാച്ച്മാൻ അഥവാ സർവ്വീസ് ക്വാർട്ടേർസ് നിർമ്മിക്കുവാൻ തീരു മാനിക്കുകയുണ്ടായി. ഇതിനായി ഓഫീസ് ഭാരവാഹികളെ കൂടാതെ എഞ്ചിനിയറും കൂടിയ ശ്രീ. പി.ഒ. സണ്ണിയേയും അഡോർ ഒഡിഷ പ്രവർത്തനത്തിന്റെ ചുമതലയുള്ള ശ്രീ. പി.സി. ജോണിനേയും ചേർത്ത് ഒരു കെട്ടിട നിർമ്മാണ സമിതി രൂപീകരിക്കുവാനും തീരുമാനിച്ചു. എഞ്ചി നീയർ പി.ഒ. സണ്ണി ഇതിനായി സമർപ്പിച്ച രൂപരേഖ ഈ സമിതി അംഗീ കരിക്കുകയും ചെയ്തു. തുടർന്ന് ഈ ബിൽഡിംഗ് സമിതിയുടെ നേതൃ ത്വത്തിൽ, ഏപ്രിൽ 4-ാം തീയതി പ്രാർത്ഥിച്ചു കെട്ടിട നിർമ്മാണം ആരം ഭിച്ചു. സെപ്റ്റംബർ 24-ാം തീയതി ഈ നിർമ്മാണം പൂർത്തീകരിക്കുക യുണ്ടായി. സി.എസ്.ഐ സംഖിലപാദർ (ഒഡിഷ) ഇടവകയിലെ റവ. പി.സി. മാത്യു ഈ കെട്ടിടത്തിന്റെ കൂദാശാ ശുശ്രൂഷ നിർവ്വഹിക്കുകയു ണ്ടായി.

പ്രവർത്തന സഹായിയും (ശ്രീ. ധർമ്മൻ) കുടുംബവും (ഭാര്യ- ശ്രീമതി പ്രേതിമ, മകൾ-കുമാരി ഹുഷി) 2021 ജൂൺ ആറിന് ഈ കെട്ടി ടത്തിൽ താമസം ആരംഭിച്ചു.

**ഗ്രാമ സർവേ**

നമ്മൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രാമങ്ങളെ കുറിച്ച് സമഗ്ര മായ ഒരു സർവേ നടത്തുകയുണ്ടായി. അമ്പാഗുഡ, ടെലിസു, മെനിയാ ടംഗ എന്നീ ഗ്രാമങ്ങളുടെ ജനസംഖ്യാ, കെട്ടിടങ്ങൾ, സ്ഥലം, ഗതാഗതം, ഭൂപ്രകൃതി, കുടിവെള്ളം, ശുചീകരണം, വൈദ്യുതി, വിദ്യാഭ്യാസ സൗക ര്യം, ആരോഗ്യ സൗകര്യങ്ങൾ, സാമ്പത്തിക-സാമൂഹിക-പരിസ്ഥിതി കാര്യങ്ങൾ എന്നീ വിഷയങ്ങൾ ഈ സർവ്വേയിൽ ഉൾക്കൊള്ളിച്ചിരുന്നു. ഈ സർവ്വേയുടെ ഏറ്റവും പ്രധാനപ്പെട്ട അനുമാനം സർക്കാരിന്റെ ഗ്രാമീണ വികസന പ്രവർത്തനങ്ങൾ ഈ ഗ്രാമങ്ങളിൽ വിജയകരമായി നടപ്പാക്കുന്നില്ലായെന്നതാണ്. കുടിവെള്ളം, ശുചീകരണം, വൈദ്യുതി എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പക്ഷേ, ഈ സൗകര്യങ്ങൾ പലതും

പ്രവർത്തനക്ഷമമല്ലാത്തതാകുന്നു. ഉദാഹരണം സ്വച്ഛ് ഭാരത് അഭിയാൻ വഴി എല്ലാ വീടുകളിലും കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ട്. പക്ഷെ ഈ കക്കൂസുകൾക്കു വേണ്ട സെപ്റ്റിക് ടാങ്കോ അനുബന്ധ സൗകര്യങ്ങളോ ഇല്ല എന്നതാണ്. ചില ഗ്രാമത്തിൽ അങ്കണവാടിയോ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഉണ്ട്. പക്ഷെ അധ്യാപകർ ആഴ്ചയിൽ ഒരിക്കൽ എത്തിച്ചേർന്നാൽ ഭാഗ്യം. എത്തിച്ചേരുവാനുള്ള റോഡുകൾ ഇല്ലാത്തതാണ് ഈ ഗ്രാമങ്ങളിലെ ഏറ്റവും വലിയ കുറവ്.

**അഡോർ ഹോസ്റ്റലുകൾ**

നമുക്ക് രണ്ട് ഹോസ്റ്റലുകളാണ് ഉള്ളത്. റായ്ഗഡ ജില്ലയിൽ ജിമിദിപെട്ടയിൽ പെൺകുട്ടികൾക്കുള്ള എസ്.കെ. എബ്രഹാം മെമ്മോറിയൽ അഡോർ (ഗേൾസ്)ഹോസ്റ്റൽ, ഇവിടെ നിന്നും 2 കിലോമീറ്റർ അകലെ ജിമിദിപെട്ട റെയിൽവേ സ്റ്റേഷനു സമീപം അഡോർ ബോയ്സ് ഹോസ്റ്റൽ. രണ്ടു ഹോസ്റ്റലുകളുടെയും കുട്ടികൾ എല്ലാവരും ആദിവാസി, ദളിത് സമൂഹങ്ങളിൽപ്പെട്ടവരാണ്. ഒഡിഷയിലെ അഡോറിന്റെ എല്ലാ സുവിശേഷ പ്രവർത്തനത്തിന്റെയും ചുമതല ശ്രീ. പി.സി. ജോൺ ആണ്. നിർവഹിക്കുന്നു.

**ഹോസ്റ്റലുകളുടെ പ്രവർത്തനരീതി**

രണ്ടു ഹോസ്റ്റലുകളുടെയും പ്രവർത്തനം ഒരേ രീതിയിലാണ്. കുട്ടികൾ രാവിലെ 5 മണിക്ക് ഉണരുന്നു. പ്രാർത്ഥനയ്ക്ക് ശേഷം 6.30 വരെ ദിനചര്യകൾ. 6.30 മുതൽ 8.30 വരെ പഠന സമയം. 8.30 മുതൽ 9.15 വരെ സ്കൂളിലേക്ക് പോകാനുള്ള ഒരുക്കം. 9.15 ന് പ്രഭാതഭക്ഷണം. 9.50ന് കുട്ടികൾ ഒരുമിച്ച് കൂടി പ്രാർത്ഥിച്ചതിനുശേഷം സ്കൂളിലേക്കു പോകുന്നു. ഉച്ച ഭക്ഷണത്തിനായി 1 മണിക്ക് എല്ലാ കുട്ടികളും പെൺകുട്ടികളുടെ ഹോസ്റ്റലിൽ വന്ന് ഭക്ഷണം കഴിച്ചിട്ട് സ്കൂളിലേക്ക് മടങ്ങുന്നു. 4 മണിക്ക് യഥാക്രമം ഹോസ്റ്റലിൽ തിരിച്ചെത്തുമ്പോൾ ലഘു ഭക്ഷണം നൽകുന്നു. തുടർന്ന് കളി, കൃഷി കാര്യങ്ങൾ എന്നിവയിൽ ഏർപ്പെടുന്നു. 6 മണിക്ക് സന്ധ്യാ പ്രാർത്ഥന ആരംഭിക്കുന്നു. ഒരാൾ പ്രാർത്ഥിച്ചതിനുശേഷം എല്ലാവരും ചേർന്ന് പാട്ടുകൾ പാടിയതിനുശേഷം 30 മിനിറ്റ് ബൈബിൾ പഠനം. 7 മണി മുതൽ 8.15 വരെ പഠിക്കുവാനുള്ള സമയം. 8.15 മുതൽ 9 മണി

വരെ അത്താഴം. 9 മണി മുതൽ 10 വരെ വീണ്ടും പഠനം. 10 മണിക്ക് പ്രാർത്ഥന കഴിഞ്ഞ് ഉറങ്ങാനുള്ള സമയം. ആവശ്യമുള്ളവർക്ക് പഠനം തുടരുകയും ചെയ്യാം.

**സണ്ടേസ്കൂളും ആരാധനയും**

ഞായറാഴ്ചകളിൽ രാവിലെ പ്രാതൽ കഴിച്ചതിനുശേഷം 8.30 മുതൽ 10.00 മണി വരെ സണ്ടേസ്കൂൾ. അതിനുശേഷം 1.00 മണി വരെ ആരാധന.

എല്ലാ വെള്ളിയാഴ്ചകളിലും വൈകിട്ട് മദ്ധ്യസ്ഥ പ്രാർത്ഥന. പല ഗ്രൂപ്പുകളായി പ്രാർത്ഥന നടത്തുന്നു. ഒന്നിടവിട്ടുള്ള ശനിയാഴ്ചകളിൽ Youth Movement, Cultural Programme എന്നിവ നടത്തിവരുന്നു.

**ടി.വി. പ്രോഗ്രാം**

ദിവസവും രാവിലെ ഓറിയ ന്യൂസ് കുട്ടികളെ കാണിക്കുന്നു. കൂടാതെ എല്ലാ ശനിയാഴ്ചകളിലും റ്റി.വി യിലൂടെ സിനിമ കാണാനുള്ള അവസരവും നൽകുന്നു.

**ഹോസ്റ്റലിലെ ആഹാരക്രമം**

ഞായറാഴ്ച രാവിലെ ചപ്പാത്തിയും കടലക്കറിയും. ഉച്ചയ്ക്ക് ചോറ്, സബ്ജി, ഡാൽ. 4.00 മണിക്ക് ലഘുഭക്ഷണം. രാത്രി ചോറ്, മുട്ടക്കറി, സബ്ജി. മറ്റു ദിവസങ്ങളിൽ പ്രാതൽ ഉപ്പുമാവ്, ചൂടാ (ഒറിയൻ ഭക്ഷണം) എന്നിവ മാറി മാറി കൊടുക്കുന്നു. മാസത്തിൽ 2 ദിവസം ചിക്കനും 2 ദിവസം മത്സ്യവും കൊടുക്കുന്നു. വിശേഷദിവസങ്ങളിൽ കൂടുതൽ വിഭവങ്ങളോടുകൂടി സ്പെഷ്യൽ ഫുഡ് നൽകുന്നുണ്ട്.

**2021-22 അദ്ധ്യയന വർഷം**

കോവിഡ് മഹാമാരി ഏറ്റവും അധികം ബാധിച്ചത് ഇന്ത്യയിലെ പിന്നോക്ക പ്രദേശങ്ങളിലെ പാവപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെയാണ്. കൊറോണ മഹാമാരി കൊണ്ട് സ്കൂൾ ഘട്ടം ഘട്ടമായിട്ടാണ് തുറന്ന് പ്രവർത്തനം ആരംഭിച്ചത്.

10-ാം ക്ലാസ്സ് 2021 ജൂലൈ മാസം 26-ാം തീയതിയിൽ പഠനം തുടങ്ങി. തുടർന്ന് 9-ാം ക്ലാസ്സ് ആഗസ്റ്റ് 16-ാം തീയതിയും, 8-ാം ക്ലാസ്സ് ഒക്ടോബർ മാസം 22 നും, 7-ാം ക്ലാസ്സ് നവംബർ 16 നും പഠനം ആരംഭിച്ചു. 1

മുതൽ 6 വരെയുള്ള ക്ലാസ്സുകൾ മാർച്ച് മാസം 1-ാം തീയതി മാത്രമെ തുടങ്ങാൻ കഴിഞ്ഞുള്ളു.

കോവിഡ് മൂലമുള്ള പഠനമില്ലായ്മ വിദ്യാഭ്യാസ നിലവാരത്തെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. ഇപ്പോഴും പിന്നോക്ക പ്രദേശങ്ങളിലെ സ്കൂളുകളിൽ പഠനം പഴയ തലത്തിലേക്ക് എത്തിചേർന്നിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്.

ഈ വർഷം 10-ാം ക്ലാസ്സിലെ മൂന്ന് പെൺകുട്ടികൾ പഠനം പൂർത്തീകരിച്ചു. രണ്ട് കുട്ടികൾ B2 യോടും ഒരു കുട്ടി C ക്ലാസ്സോടും വിജയം കരസ്ഥമാക്കി.

**ഗ്രാമ സന്ദർശനങ്ങൾ**

നമ്മുടെ സ്റ്റാഫ് അംഗങ്ങൾ ഹോസ്റ്റൽ അംഗങ്ങളുടെ ഗ്രാമങ്ങൾ സന്ദർശിച്ച് സ്നേഹാന്വേഷണങ്ങൾ നടത്തുകയുണ്ടായി. ഈ വർഷം ടംക്കും, ടാബണിഗട, ബോടസിഗുരു, ഇരുക്കുമ്പടി, മിർച്ചിപാട്, അനന്ദപൂർ, ബെടാലുകുടി, സന്നാലുക്കുടി, കാക്കാളി എന്നീ ഗ്രാമങ്ങൾ സന്ദർശിച്ച് കുട്ടികളുടെ മാതാപിതാക്കളുമായി കുശലാന്വേഷണം നടത്തി.

**എസ്.കെ. എബ്രഹാം മെമ്മോറിയൽ അഡോർ ഹോസ്റ്റൽ**

ജിമിഡിപെട്ടയിലെ എസ്.കെ. എബ്രഹാം മെമ്മോറിയൽ അഡോർ ഗേൾസ് ഹോസ്റ്റലിൽ ആദിവാസി ദളിത് സമൂഹങ്ങളിൽപ്പെട്ട 50 പെൺകുട്ടികൾ താമസിക്കുന്നു. ഈ വർഷം പുതിയതായി 10 കുട്ടികൾ ചേർന്നു. 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളാണ് ഉള്ളത്. അടുത്തുള്ള ജിമിദിപെട്ട കലിംഗാ ഹൈസ്കൂളിലാണ് ഇവർ പഠിക്കുന്നത്. ഈ ഹോസ്റ്റലിന്റെ വാർഡനായി ശ്രീമതി ജോളി ജോൺ പ്രവർത്തിക്കുന്നു.

**അഡോർ ബോയ്സ് ഹോസ്റ്റൽ**

ജിമിദിപ്പെട്ടയിൽ നിന്നും 2 കിലോമീറ്റർ അകലെ 'ഗുഡം' എന്ന ഗ്രാമത്തിലാണ് ഈ ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. അഡോർ ഹോസ്റ്റലിലെ പൂർവ്വ വിദ്യാർത്ഥി ശ്രീ. ടി.ഗാഗുലു ഹോസ്റ്റൽ വാർഡനായി കുടുംബസമേതം ഇവിടെ താമസിച്ച് സേവനം ചെയ്യുന്നു. റായ്ഗഡ ജില്ലയിലെ ഉൾഗ്രാമങ്ങളിൽ നിന്നുള്ള ആദിവാസി ദളിത് വിഭാഗങ്ങളിൽപ്പെട്ട 14

ആൺകുട്ടികൾ ഇപ്പോൾ ഇവിടെ പഠിക്കുന്നു. 2 മുതൽ 10-ാം ക്ലാസ് വരെ പഠിക്കുന്നവരാണ് ഇവർ. ഈ വർഷം പുതിയതായി 4 കുട്ടികൾ ചേർന്നു. ശ്രീ ഗാംഗുലിയുടെ സഹധർമ്മിണി ശ്രീമതി. എസ്. മിനിയും ഹോസ്റ്റൽ പ്രവർത്തനങ്ങളിൽ സഹായിക്കാറുണ്ട്.

**കൃഷികാര്യങ്ങൾ**

ഗേൾസ് ഹോസ്റ്റലിന് ഏകദേശം 2 ഏക്കറോളവും ബോയ്സ് ഹോസ്റ്റലിന് 60 സെന്റ് സ്ഥലവുമുണ്ട്. അതിൽ മാവ്, നാരകം, പ്ലാവ്, കശുമാവ്, സപ്പോട്ടാ, പേര, വാഴ തുടങ്ങിയവ നട്ട് പിടിപ്പിച്ചിട്ടുണ്ട്. അവയിൽ നിന്ന് കായ്ഫലങ്ങൾ ലഭിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ പച്ചക്കറികളും കൃഷി ചെയ്യുന്നു. കുട്ടികൾ കൃഷി കാര്യങ്ങളിൽ തൽപരരാണ്. ഈ വർഷം കശുമാവിൽ നിന്നും 120 കിലോ കശുവണ്ടിയും 300 കിലോ മാങ്ങയും ലഭിച്ചു. കൂടാതെ നമ്മുടെ ഹോസ്റ്റലിൽ ഇപ്പോൾ 3 പശുക്കളും ഒരു പശുക്കിടാവുമുണ്ട്. ഹോസ്റ്റലിലേയ്ക്ക് ആവശ്യമുള്ള പാൽ ഇവയിൽ നിന്ന് ലഭിക്കുന്നുണ്ട്.

**ക്രിസ്തുമസ് കരോൾ സർവ്വീസ്**

ഡിസംബർ 22-ാം തീയതിയിൽ ഗേൾസ് ഹോസ്റ്റലിൽ വച്ച് രണ്ടു ഹോസ്റ്റലുകളുടെയും സംയുക്ത കരോൾ സർവ്വീസ് നടത്തപ്പെട്ടു. Rev. Dr. Nicholas Rayagada, Adv. Samuel Tandy എന്നിവർ അതിഥികളായി പങ്കെടുത്തു. കരോളിനോട് ചേർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. സണ്ടേ സ്കൂൾ പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് സമ്മാനങ്ങൾ നൽകപ്പെട്ടു. രാത്രി 8.15 ന് പ്രാർത്ഥനയോടെ സമാപിച്ചു. തുടർന്ന് എല്ലാവർക്കും സ്നേഹ വിരുന്നു നൽകപ്പെട്ടു.

**ഹോസ്റ്റൽ സന്ദർശിച്ചവർ**

താഴെ പറയുന്നവർ നമ്മുടെ ഹോസ്റ്റൽ സന്ദർശനം നടത്തി.

1. 20.8.21 ൽ ലിൻസി ഉല്ലാസ് മകൾ സാന്ദ്രാ ഉല്ലാസ്, രാജസ്ഥാൻ
2. 9.1.22 ൽ Dr. Titas and Family, Rayagada

3. 18.3.22 ൽ Dr. Benjamine Thomas, Rayagada
4. 29.3.22 ൽ Miss Nancy, Raipur

**ആബ്ഗുഡാഗ്രാമം**

ജിമിദിപെട്ടയിൽ നിന്ന് ഏകദേശം 7 കി.മി. ദൂരെ ആന്ധ്രാ ബോർഡറിൽ സ്ഥിതി ചെയ്യുന്ന വനമേഖലയിൽപെടുന്ന ഒരു കൊച്ചു ഗ്രാമമാണ് ആബ്ഗുഡാ അഥവാ മാമിഡിഗുഡ (Mamidiguda). കൊന്ത വർഗ്ഗത്തിൽപ്പെട്ട ആദിവാസികളാണ് ഇവിടെയുള്ളത്. 5 കി.മീ വാഹനത്തിൽ പോയിട്ട് 2 കി.മീ. നടപ്പാതയിലൂടെ യാത്ര ചെയ്തിട്ടാണ് ഇവിടെ എത്തുന്നത്. 18 വീടുകളിലായി 77 പേർ താമസിക്കുന്നു. ശരിയായ റോഡില്ല. വൈദ്യുതി കണക്ഷൻ നിലവിലുണ്ട്. പക്ഷേ ആഴ്ചയിൽ ഒരിക്കൽ വൈദ്യുതി ലഭിച്ചാലായി. എല്ലാ വീടുകൾക്കും കക്കൂസുകൾ ഉണ്ടെങ്കിലും കൃഷി സംബന്ധമായ സാധനങ്ങളുടേയും മറ്റും സംഭരണത്തിനായിട്ടാണ് ഉപയോഗിക്കുന്നത്. 5000 ലിറ്റർ സംഭരണശേഷിയുള്ള ഒരു ജലസംഭരണി സൗരോർജ്ജത്തിൽ 2021 മാർച്ച് മാസത്തിൽ ആരംഭിച്ചു.

ഈ ഗ്രാമത്തിൽ 30 പേർക്കേ സാരക്ഷരത ഉള്ളൂ. കൊച്ചു കുട്ടികളുടെ ശിക്ഷണത്തിന്റെ ഭാഗമായി ഇവിടെ 17 കുട്ടികൾക്ക് ക്ലാസ് നൽകി വരുന്നു. പഠനോപകരണങ്ങൾ അഡോറിൽ നിന്ന് കൊടുക്കുന്നു. ഇപ്പോൾ ശ്രീമതി കുമന്തി ഉൽഉകാ എന്ന പെൺകുട്ടി ഈ ഗ്രാമത്തിലെ ശിക്ഷണവും സാക്ഷരത പ്രവർത്തനവും നടത്തിവരുന്നു. ആഴ്ചയിൽ ഒരിക്കൽ നമ്മുടെ ഒരു ടീം ഇവിടെ സന്ദർശിച്ച് ഗ്രാമ വിപുലീകരണപ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഈ ഗ്രാമത്തിൽ അംഗൻവാടി ആരംഭിക്കാൻ ഉള്ള നടപടിക്ക് അഡോർ പ്രവർത്തകർ നേതൃത്വം നൽകുന്നു.

**ടെലിസു ഗ്രാമം**

ജിമിദിപെട്ടയിൽ നിന്ന് 4 കി.മീ അകലെ നാലുചുറ്റും വനത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമമാണ് ടെലിസു. ഇവിടെ ഒരു അംഗൻവാടിയും, 1 മുതൽ 5 വരെ ക്ലാസ്സുകൾ നടക്കുന്ന ഒരു സ്കൂളുമുണ്ട്. സ്കൂളിൽ 2 അദ്ധ്യാപകർ ഉണ്ടെങ്കിലും ഈ സ്കൂൾ നാമമാത്രമായി പ്രവർത്തിക്കുന്നു. 20 വീട്ടുകാരുള്ള ഈ ഗ്രാമം വെള്ളത്തിന് ആശ്രയിക്കുന്നത് 3 കുഴൽ

കിണറുകളെ ആണ്. വൈദ്യുതി ഈ ഗ്രാമത്തിൽ എത്തിയിട്ടുണ്ടെങ്കിലും വനമേഖലയായതിനാൽ പലപ്പോഴും ലഭിക്കാറില്ല. കൊന്ത ആദിവാസി വർഗ്ഗത്തിൽപ്പെട്ട 85 പേർ താമസിക്കുന്നു. ഇതിൽ 45 പേർ നിരക്ഷരർ ആണ്. 20 കുട്ടികൾക്ക് അഡോറിന്റെ പ്രവർത്തനത്തിൽ കൂടി പ്രത്യേക പഠനം നടത്തുന്നു. ഇവരുടെ പഠനത്തിനാവശ്യമായ നോട്ടു ബുക്കുകൾ, സ്ലെയിറ്റുകൾ, പെൻസിലുകൾ, ബ്ലാക്ക് ബോർഡ് മുതലായവ അഡോർ നൽകി സഹായിക്കുന്നു. കുട്ടികളുടെ പഠനത്തിന് നേതൃത്വം നൽകുന്നത് ശ്രീ. ബുറുസ പുലാ (Bhurusa Puala) കുമാരി നമിതാ ടാഡിംഗി (Namita Tadingi)എന്നിവരാണ്. നമ്മുടെ ടീം ഇവിടെയും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

**മെനിയാടംഗ ഗ്രാമം**

മെനിയാടംഗ ഗ്രാമം ജിമിദിപെട്ടയിൽ നിന്ന് 5 കി.മീ. വാഹനത്തിലെത്താം. ഗുരുഗുഡ വഴി ഈ ഗ്രാമത്തിലെത്താൻ 7 കി.മീ. വരും. 18 വീട് മാത്രമുള്ള ഈ ഗ്രാമത്തിന്റെ ജനസംഖ്യ 35 ആണ്. ഇതിൽ 15 പേർ നിരക്ഷരാണ്. കൊന്തവർഗ്ഗത്തിൽപ്പെട്ട ആദിവാസികളാണ് ഇവിടെയും ഉള്ളത് എങ്കിലും എല്ലാവരും ക്രിസ്ത്യാനികളാണ്. കുവി എന്ന ആദിവാസ ഭാഷയാണ് ഇവർ ഉപയോഗിക്കുന്നത്. ഒഡിയയും തെലുങ്കും ഇവർ സംസാരിക്കും.

5000 ലിറ്റർ സംഭരണശേഷിയുള്ള ഒരു ജലസംഭരണി സൗരോർജ്ജത്തിൽ പ്രവർത്തിക്കും. 4 ടാപ്പുകൾ വഴി വെള്ളം ജനങ്ങൾക്ക് ലഭിക്കുന്നു. വീടുമായിട്ടോ കക്കൂസുമായിട്ടോ ഈ ജലസംഭരണി ബന്ധിപ്പിച്ചിട്ടില്ല. എല്ലാ വീടുകൾക്കും കക്കൂസുകൾ ഉണ്ടെങ്കിലും സെപ്റ്റിക് ടാങ്കോ വെള്ളമോ നൽകിയിട്ടില്ല. അംഗൻ വാടിയോ പ്രീ-പ്രൈമറി സ്കൂളോ ഈ ഗ്രാമത്തിലില്ല. അതിനായി മൂന്ന് കി.മീ. ദൂരത്തുള്ള ഉസുറുകപാട് ഗ്രാമത്തെ ആശ്രയിക്കുന്നു. വൈദ്യുതി ഈ ഗ്രാമത്തിൽ എത്തിയിട്ടുണ്ടെങ്കിലും പലപ്പോഴും ലഭിക്കാറില്ല.

മെനിയാടംഗ ഗ്രാമത്തിൽ കുമാരി ലളിത കുട്ടികളുടെ ശിക്ഷണവും സാക്ഷരത പ്രവർത്തനവും നടത്തി വന്നു. നമ്മുടെ ടീം ആഴ്ചയിൽ

ഒരു പ്രാവശ്യമെങ്കിലും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

**ശ്രീ. ജോയൽ ജോൺ**

ശ്രീ. പി.സി. ജോണിന്റെ മകൻ ശ്രീ. ജോയൽ ജോൺ അഡോർ ഹോസ്റ്റലിൽ താമസിക്കുകയും എല്ലാ പ്രവർത്തനങ്ങളിലും ശ്രീ. പി.സി. ജോണിന്റെ സഹായിയായി സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുകയും ചെയ്യുന്നു. ശ്രീ. ജോയൽ ജോൺ ബി. ടെക് പൂർത്തീകരിച്ച് വിവിധ കമ്പനികളിലെ ജോലിക്കായി ശ്രമിക്കുന്നു. ശ്രീ. ജോയലിന്റെ സാന്നിദ്ധ്യം അഡോറിന്റെ പ്രവർത്തനത്തിന് വളരെയധികം പ്രയോജനകരമാണ്. ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

എസ്.കെ. എബ്രഹാം മെമ്മോറിയൽ ഹോസ്റ്റലിനു സമീപമുള്ള കലിംഗാ ഹൈസ്ക്കൂളിലെ അദ്ധ്യാപികയായ ശ്രീമതി ജനുമാല മന്ത്രി (Jhunnubala Mantry) നമ്മുടെ ഹോസ്റ്റലിൽ താമസിക്കുകയും കുട്ടികളുടെ പഠനകാര്യങ്ങളിൽ സഹായിക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ ഗ്രാമ സന്ദർശനങ്ങളിലും ശ്രീമതി ജനുമാല ചില ദിവസങ്ങളിൽ പങ്കെടുക്കുന്നുമുണ്ട്.

ശ്രീമതി ലക്ഷ്മി ആണ് അഡോർ ഹോസ്റ്റലിലെ പാചകത്തിൽ സഹായിക്കുന്നത്. പ്രവർത്തനസഹായി ശ്രീ. ധർമ്മൻ പശുക്കളെയും കൃഷികാര്യത്തിലും അദ്ദേഹത്തിന്റെ സഹധർമ്മിണി ശ്രീമതി പ്രതിമ ഹോസ്റ്റൽ അടുക്കളയിലും സഹായിക്കുന്നു.

**റിപ്പോർട്ട് വർഷത്തിലെ സാമ്പത്തികം**

ഈ സാമ്പത്തിക വർഷത്തിലെ വരവ്-ചിലവുകൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| മുൻ നീക്കിബാക്കി | - | Rs. 11,08,441.13 |
| ആകെ വരവ് | - | Rs. 15,74,362.30 |
| ആകെ ചെലവ് | - | Rs. 13,00,667.30 |
| ആകെ നീക്കി ബാക്കി | - | Rs. 13,82,136.13 |

തന്നാണ്ടിൽ സ്പോൺസർഷിപ്പിലൂടെയും, സംഭാവനകളിലൂടെയും 8,49,036.30 രൂപയും, കൃഷിയിൽ നിന്നുള്ള വരുമാനം 28,080 രൂപയും ലഭിച്ചു. സർവീസ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 3,36,445 രൂപ ചെലവായി.

**പ്രവർത്തന അവലോകനം**

എല്ലാ ബുധനാഴ്കളിലും രാത്രി 9 മണിക്ക് അഡോറിന്റെ പ്രവർത്തനങ്ങൾ ഓൺലൈനിലൂടെ അവലോകനം നടത്തുന്നുണ്ട്. ജിമിദിപെട്ടയുള്ള അഡോറിന്റെ പ്രവർത്തകരും ഓഫീസ് ഭാരവാഹികളും സജീവമായി ഈ അവലോകന യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

സ്വദേശത്തും വിദേശത്തും ഉള്ള അനവധി സ്നേഹിതർ പ്രാർത്ഥനയിൽ കൂടിയും സാമ്പത്തിക സഹകരണത്തിൽ കൂടിയും അഡോറിന്റെ സുവിശേഷപ്രവർത്തനത്തെ സഹായിക്കുന്നുണ്ട്. എല്ലാവരോടുമുള്ള അകമഴിഞ്ഞ സ്നേഹവും നന്ദിയും അറിയിക്കുന്നു. സമൂഹം അവഗണിക്കുകയും തിരസ്കരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു പറ്റം ആദിവാസി ദളിത് സമൂഹങ്ങളിലെ കുഞ്ഞുങ്ങളെ അക്ഷരത്തിന്റെ ലോകത്തിലേക്ക് കടത്തി കൊണ്ടുവരുവാനും അവരെ ആത്മീകമായി പരിപോഷിപ്പിക്കുവാനും അച്ചടക്കവും പൗരബോധവുമുള്ള വ്യക്തികളാക്കി മാറ്റി എടുക്കുവാനും ദൈവം സഹായിച്ചു കൊണ്ടിരിക്കുന്നു. അതിന് അഡോറിനോടൊപ്പം പങ്കാളികളായി തീർന്ന എല്ലാ സഹകാരികളോടും ഒരിക്കൽ കൂടി നന്ദി അറിയിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു. സർവശക്തനായ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

എന്ന്,

അഡോറിന് വേണ്ടി

**ജേക്കബ് ഈശോ**

**സെക്രട്ടറി, അഡോർ**

26.06.2022

കൊല്ലം

**AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION (ADORE)**

**PAN : AAATA3507A**

**Vadakkevila, Kollam 691021**

**DOF : 01/01/1984**

## Application of Income for the AY 2022-23

| | | |
|---|---|---|
| Fees & Other Income | 89,580.00 | |
| Interest | 2,16,484.00 | |
| Donation | 8,49,036.30 | 11,55,100.30 |
| Less : exempt without being spent to the maximum | | |
| of 15% not taken since excess utilised | | 1,71,680.00 |
| Income to be applied for the objects of the Trust | | 9,83,420.30 |
| Excess Amount as per Form 9A AY 2021-22 | | 3,17,247.00 |
| | | |
| Total Expenditure | 10,58,601.00 | |
| Less : Depreciation | 1,24,976.70 | |
| | 9,33,624.30 | |
| Add : Purchase of Fixed Assets | 3,67,043.00 | 13,00,667.30 |
| Excess amount applied | | |

# AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION

## BALANCE SHEET AS AT 31-03-2022

| Liabilities | | Amount | Assests | | Amount |
|---|---|---|---|---|---|
| **Capital Fund** | | | Fixed assets | | 20,99,705.87 |
| As per last B/s. | 34,51,237.70 | | **Fund Investments** | | |
| Add: Excess of Income | | | Fixed Deposit with banks | | 27,16,770.00 |
| over Expenditure | 62,499.30 | | **Current Assets** | | |
| | 35,13,737.00 | 35,13,737 | TDS | | 1,140.00 |
| Less: Transfer to Fund Account | | | Accrued Interest | | 9,292.00 |
| **Fund Account** | | | Advances | | 72,000.00 |
| As per last B/s. | 22,96,924.00 | 22,96,924 | **Cash at Bank** | | |
| Add: Transfer from | | | Quilon Co-Operative Urban Bank Ltd. | 80,295.20 | |
| Capital Fund | | | State Bank of India-0126 | 7,17,592.86 | |
| **Expenses Payable** | | 6521 | State Bank of India-5761 | 14,832.67 | |
| | | | State Bank of India-7663 | 55,770.69 | |
| | | | Pattathanam Co-op Bank 8106 | 22,096.00 | |
| | | | State Bank of India-6931 | 10,558.00 | 9,01,145.42 |
| | | | Cash in hand | | 17,128.71 |
| | | **58,17,182.00** | | | **58,17,182.00** |

Annexure to our report of even date

For JRS & CO

Jamu Jahamgheer FCA
Partner
Membership No:221098
Firm No: 008085S

JRS & Co. KOLLAM CHARTERED ACCOUNTANTS

Kollam
22/07/2022

# AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION
## INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31-03-2022

| Expenditure | Amount (Rs.) | Incomes | Amount (Rs.) |
|---|---|---|---|
| To Audit Fee | 8,850.00 | By Donation Received | 8,49,036.30 |
| To Bank Charges | 2,538.30 | By Hostel Fee | 27,500.00 |
| To Food And Groceries | 2,55,038.00 | By Agricultural Income | 28,080.00 |
| To Salaries And Allowances | 3,64,000.00 | By Interest received | 2,16,484.00 |
| To Insurance Charges | 26,849.00 | | |
| To Legal & Professional Charges | 28,800.00 | | |
| To Medical Expenses | 9,305.00 | | |
| To Animal Expenses | 29,215.00 | | |
| To Agricultural Expenses | 1,485.00 | | |
| To Fuel Charges | 49,858.00 | | |
| To Travel Expenses | 2,000.00 | | |
| To Electricity Charges | 30,919.00 | | |
| To Telephone And Internet Charges | 14,960.00 | | |
| To Repaiers And Maintenance | 38,021.00 | | |
| To Printing And Stationery | 38,914.00 | | |
| To Postage Expenses | 10,148.00 | | |
| To License & Taxes | 232.00 | | |
| To Support to ex-employee's Family | 18,852.00 | | |
| To Other Expenses | 3,640.00 | | |
| To Depreciation | 1,24,976.70 | | |
| To Excess of Income Over Expenditure | 62,499.30 | | |
| | **11,21,100.30** | | **11,21,100.30** |

Kollam
20/07/2022

*Annexure to our report of even date*

For JRS & CO

Jamu Jahamgheer FCA
Partner
Membership No:221098
Firm No: 008085S

JRS & Co. CHARTERED ACCOUNTANTS KOLLAM

# AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION
## RECEIPTS & PAYMENTS ACCOUNT FOR THE YEAR ENDED 31-03-2022

| Receipts | | Amount (Rs.) | Payments | | Amount (Rs) |
|---|---|---|---|---|---|
| To Opening Balances | | | By Audit Fee | 8,850.00 | |
| Cash in Hand | 36,192.71 | | By Bank Charges | 2,538.30 | |
| Cash at Bank | | | By Food And Groceries | 2,55,038.00 | |
| Quilon Co Operative Urban Bank Ltd. | 1,06,607.00 | | By Salaries And Allowances | 3,64,000.00 | |
| State Bank Of India-0126 | 8,74,327.56 | | By Insurance Charges | 26,849.00 | |
| State Bank of India-5761 | 10,054.17 | | By Legal & Professional Charges | 28,800.00 | |
| State Bank of India-7663 | 64,082.69 | | By Medical Expenses | 9,305.00 | |
| Pattathanam Co-op Bank-8106 | 17,177.00 | 11,08,441.00 | By Animal Expenses | 29,215.00 | |
| To Donation Received | 8,49,036.00 | | By Agricultural expenses | 1,485.00 | |
| To Hostel Fee | 27,500.00 | | By Fuel Charges | 49,858.00 | |
| To Sale of Calf | 34,000.00 | | By Travel Expenses | 2,000.00 | |
| To Agricultural Income | 28,080.00 | | By Electricity Charges | 30,919.00 | |
| To Interest Received | 2,16,484.00 | 11,55,100.00 | By Telephone And Interner Charges | 14,960.00 | |
| To **Fixed Deposit** | | | By Repairs And Maintanence | 38,021.00 | |
| FD 11123 | 1,42,890.00 | | By Printing And Stationary | 38,914.00 | |
| FD 11124 | 1,41,496.00 | | By Postage Expenses | 10,148.00 | |
| FD 2036 | 1,00,000.00 | 3,84,386.00 | By License & Taxes | 232.00 | |
| To Advances | | 24,000.00 | By Support to ex-employee's family | 18,852.00 | |
| To Accured Interest | | 4,355.00 | By Other Expenses | 3,640.00 | 9,33,624.30 |
| To Expenses Payable | | 6,521.00 | By Purchase of Fixed Assets | | 3,67,043.00 |
| | | | By Fixed Deposit | | |
| | | | FD 2417 | 50,000.00 | |
| | | | Fd 31216/M | 1,00,000.00 | |
| | | | FD 31499/M | 3,00,000.00 | |
| | | | FD 9564 | 6,931.00 | |
| | | | FD 9565 | 6,931.00 | 4,63,862.00 |
| | | | By **Closing Balances** | | |
| | | | **Cash at Bank** | | |
| | | | Quilon Co-Operative Urban Bank Ltd. | 80,295.20 | |
| | | | State Bank of India-0126 | 7,17,592.86 | |
| | | | State Bank of India-5761 | 14,832.67 | |
| | | | State Bank of India-7663 | 55,770.69 | |
| | | | Pattathanam Co-op Bank 8106 | 22,096.00 | |
| | | | State Bank of India 6931 | 10,558.00 | |
| | | | Cash in hand | 17,128.71 | 9,18,274.13 |
| | | **26,82,803.43** | | | **26,82,803.43** |

Kollam
20/07/2022

Annexure to our report of even date
For JRS & CO
Janu Jahangheer FCA
Partner
Membership No:221098
Firm No: 008835S

JRS & Co. KOLLAM CHARTERED ACCOUNTANTS

# AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION
## SCHEDULE OF FIXED ASSETS AS ON 31/03/2022

| Particulars | W D V as on 1/04/2021 | Rate | Additions | | Deletions | Total | Depreciation | W D V as on 31/03/2022 |
|---|---|---|---|---|---|---|---|---|
| | | | Before 30.09.2021 | After 30.09.2021 | | | | |
| Land | 6,96,926.00 | 0% | | | | 6,96,926.00 | | 6,96,926.00 |
| Tube Well | 457.89 | 10% | | | | 457.89 | 45.79 | 412.10 |
| Steel Racks | 16.52 | 10% | | | | 16.52 | 1.65 | 14.87 |
| Furniture and Fittings | 20,881.39 | 10% | | 26,400.00 | | 47,281.39 | 3,408.14 | 43,873.25 |
| Musical Instruments | 130.98 | 10% | | | | 130.98 | 13.10 | 117.878 |
| Hostel Building | 7,76,832.88 | 5% | | | | 7,76,832.88 | 38,841.64 | 7,37,991.24 |
| Cycles | 96.02 | 15% | | | | 96.02 | 14.40 | 81.62 |
| Library Books | 58.73 | 15% | | | | 58.73 | 8.81 | 49.92 |
| Mini Van Mahindra-X | 3,22,394.09 | 15% | | | | 3,22,394.09 | 48,359.11 | 2,74,034.98 |
| Livestock | 69,446.00 | 0% | | | 34.000.00 | 35,446.00 | | 35,446.00 |
| Printer | 2,550.00 | 15% | | | | 2,550.00 | 382.50 | 2,167.50 |
| Solar Lantern | 1,849.07 | 15% | 4,198.00 | | | 6,047.07 | 907.06 | 5,140.01 |
| Watchmen Quarters | | 10% | 3,23,445.00 | 13,000.00 | | 3,36,445.00 | 32,994.50 | 3,03,450.50 |
| **Total** | **18,91,639.57** | | **3,27,643.00** | **39,400.00** | **34,000.00** | **22,24,682.57** | **1,24,976.70** | **20,99,705.87** |

# ADORE

## PL Schedule

| Particulars | Amt |
|---|---|
| **1. Donation** | |
| FCRA Donation | 51,435.00 |
| Donation Received | 51,250.00 |
| Membership Fee | 250.00 |
| Sponsorship | 7,46,101.30 |
| | 8,49,036.30 |

J R S & Co.
CHARTERED ACCOUNTANTS

2nd Floor, Vaidya Towers
Residency Road, Chinnakada
Kollam - 691 001
Phone : 0474 - 2744530
E-mail : jayakumar@jrsca.com
jkassoc@bsnl.in
jkjrsca@gmail.com

# AUDITOR'S REPORT

We have audited the attached Balance sheet of "Agency for Development of Oppressed through Relief and Education" (ADORE), Alummoottil Annexe, Pattathanam, Kollam-21, as on 31-03-2022 and the Income and Expenditure Account and Receipts and payments Account for the year ended on that date and report that :-

In our opinion, proper books of account have been kept by them, so far as it appears from our examination of such books, and that the Income and Expenditure Account and Balance Sheet Referred to above are in agreement with the books of account presented before us.

**For JRS & Co.**
**CHARTERED ACCOUNTANTS**

Date : 27/07/2022
Place : Kollam

JRS & Co. KOLLAM CHARTERED ACCOUNTANTS

**A. Jayakumar FCA**
**Partner**
**M. No. 025035 FR No. 0080855**

Head Office : 2nd Floor, The Monarch, P. T.Usha Road, Kochi - 682011.
Phone : 0484 -2373227,2371202 Fax : 0484 - 4040754. E-mail : jrskochi@jrsca.com
Branches : (1) TC 23/59 PNRA B-15, Ambalamukku, Kowdiar, Trivandrum - 695003
Phone : 0471 - 2431300 E-mail : jrstvm@gmail.com, jrstvm@jrsca.com
(2) Shivasakti Arcade, No. - 170, First Floor,CQAL Layout, Block - B, Sahakar Nagar, Bangalore - 560092

# List of Donors to Adore 2020 - 21

## I. Sponsors

| S.No. | Name | Amount |
|---|---|---|
| 1 | Arun Samuel, Mavelikara | 10000 |
| 2 | Anand George Samuel, Mavelikara | 10000 |
| 3 | Kurian P. Mathew, Thiruvananthapuram | 20000 |
| 4 | Vinoo P. varghese, Mavelikara | 25000 |
| 5 | John Skariah, NY-USA | 72222.30 |
| 6. | Rincy Kurian, IL USA | 29994 |
| 7 | Sunny V. George, Kattanam | 10000 |
| 8 | Varghese Mathai, Kolkata | 5000 |
| 9 | Dr. V.J. Mathew, Chengannur | 40000 |
| 10 | Jogi John, NJ USA | 23624 |
| 11 | Dr Anna Jacob, Kollam | 10000 |
| 12 | Jacob George Peter Bourogh - UK | 20074 |
| 13 | Meeva, C/o Thomas A. Baby, Sharjah UAE | 20000 |
| 14 | George Abraham. T, M.I USA | 20000 |
| 15 | Jacob Varghese, UAE | 25000 |
| 16 | Mathew C. Varghese, TX USA | 16000 |
| 17 | Beena L Samuel, Mumbai | 15000 |
| 18 | Oomman P Abraham | 10000 |

| S.No. | Name | Amount |
|---|---|---|
| 19 | Monachan Thomas, TX USA | 36435 |
| 20 | Mariamma K. John, TX-USA | 10000 |
| 21 | Liza Maria John, TX-USA | 10000 |
| 22 | Dr. Abou T Kurian, Mavelikkara | 10000 |
| 23 | Annamma Joy, Kutch, Gujarat | 20000 |
| 24 | Shibu Koshy, Abudabi | 10000 |
| 25 | John Rajan. C, Chennai | 10000 |
| 26 | I.K. Iype, Kollam | 10000 |
| 27 | Jacob Easow, Kollam | 12000 |
| 28 | Dr. Usha Thomas, Kollam | 10000 |
| 29 | Dr. Ammu Susanna Jacob, Kollam | 10000 |
| 30 | Agin Chackacherry, Kollam | 10000 |
| 31 | Dr. Anna Jacob, Kollam | 10000 |
| 32 | Shine Joseph | 10000 |
| 33 | David Kakkudiyil | 10000 |
| 34 | Seba Achimma Koruthu, Kollam | 15000 |
| 35 | Koruthu Samuel, Kollam | 10000 |
| 36 | George | 10000 |

| S.No. | Name | Amount |
|---|---|---|
| 37 | Wellwisher | 10000 |
| 38 | Thomas Varghese, TX-USA | 15000 |
| 39 | John K. Varghese, USA | 15000 |
| 40 | Jinu Mary John, Ernakulam | 10000 |
| 41 | Mrs. & Mr. Pappy T. Mathews, NY USA | 20000 |
| 42 | Dr. Tony Mathew & Jacqualine Mathew, NY USA | 20000 |
| 43 | Mathew John,Baharin | 15187 |
| 44 | Litten Varghese Itty, Mavelikkara | 10000 |
| 45 | Roy Cheriyan, Mavelikkara | 10000 |
| 46 | Litty Anna Itty, Bangalore | 10000 |
| 47 | Aju John, Kollam | 10000 |
| 48 | Dr.Koshy George ,Kollam | 10000 |
| | **TOTAL** | **760536.30** |

## II. Special Food

| | | |
|---|---|---|
| 1 | Jibin John Varghese, Pathanamthitta | 10000 |
| 2 | Pappy T. Mathews, NY_USA | 20000 |
| 3 | Ammu Susanna Jacob, Banglore | 5000 |
| 4. | Jacob Easow, Kollam | 2000 |
| | **TOTAL** | **37000** |

## III. Donations

| S.No. | Name | Amount |
|---|---|---|
| 1 | Rev. Raju Anchery, Kozhancherry | 4000 |
| 2 | Dr. Alex Thomas, Anaprampal | 2000 |
| 3 | Titus Joseph, Mavelikkara | 2000 |
| 4 | Achiamma Samuel, Kollam | 5000 |
| 5 | Lincy Ullas, Kannur | 5000 |
| 6 | Rachel Philip, Mavelikkara | 1000 |
| 7 | Thomas Mathew C.A, Thiruvalla | 3000 |
| 8 | Alexander Koshy. Thiruvananthapuram | 7000 |
| 9 | Master Aaron Ajin Chackacheri, Kollam | 2000 |
| 10 | Benny Varghese, Maveliukkara | 2000 |
| 11 | Albin John, Mavelikkara | 3000 |
| 12 | V. S. Varghese, Mavelikkara | 5000 |
| 13 | John Cherian,Kollam | 5000 |
| 14 | Dr Susan P T,Kollam | 5000 |
| 15 | C.J. Samuel, Kollam | 250 |
| | | **51250** |

## IV. Membership Fee

| | | |
|---|---|---|
| 1 | Monachan Thomas, USA | 250 |

# Memorial Sponsership Endowments

| Sl. No. | Memorial Sponsorship in the name of | Endowment Amt | Instituted By |
|---|---|---|---|
| 1 | Mr Justin Joy | 100000/- | Mrs.&Mr Joy Mathew<br>E-25,Sapna Nagar,<br>Gandhidham, Kutch, Gujarat - 370201 |
| 2 | Mr P T Chacko &<br>Mrs Rosamma Chacko<br>Pallathu | 101675/- | Mr Jogi John NJ,USA |
| 3 | Mr T P Mathew | 100000/- | Mr Varghese Mathew, Chennai |
| 4 | Mr M O John & Mrs Baby John | 100000/- | Mr Jogi John Mangalasseril House,<br>Rohini Gardens, Eraviperror,<br>Thiruvalla-689542 |

# Sponsership Endowments

| Sl. No. | In the name of | Endowment Amt | Instituted By |
|---|---|---|---|
| 5 | Edavana Thekkathil<br>Mr. M. Samuel & Mrs. Aleyamma<br>Samuel | Rs. 100000/- | Mr John Samuel &<br>Mrs. Sheeba John<br>Edavana Thekkathil Horeb<br>Kunnom P.O., Mavelikkara, Alappuzha |
| 6 | Jikku John Mathew & Deepa George | 1,00,000/- | Jikku John Mathew &<br>Deepa George, UAE, Dubai |

# ADORE

Agency for the Development of the Oppressed
Through Relief and Education
Reg. No. Q 181/84

Adore, Vilayil, TKMC P.O., Kollam PIN : 691005
Email:adoremission@gmail.com
Website: www.adoremission.org www.adoremission.in

For Indian Accounts: A/C no.57034230126.
SBI BISHOP JEROME NAGAR KOLLAM. IFS CODE. SBIN0070054
For Outside Indian Accounts: FCRA A/C Details.
Accout No. 00000040107456931
Nature of Account: FCRA- Savings Bank Account INR
Branch Name & Code: New Delhi Main Branch (00691)
SWIFT CODE : SBININBB104
PAN : AAATA3507A URN : AAATA3507AF20221

## SPONSORSHIP FORM

I Would like to be a sponsor of ____________________ student (s). I promise to pay Rs. 10,000.00 (Rupees Ten Thousand only) per student per year towards the sponsorship charges. I also promise to pray regularly for the Adore Mission and ministry.

| | |
|---|---|
| Name | |
| Address | Postcode : |
| Phone No : | |
| Email | |
| PAN, if any | |
| Signature & Date | |

# എങ്ങനെ പങ്കാളികളാകാം...

1. ഒരു കുട്ടിയെ സ്പോൺസർ ചെയ്യുന്നതിലൂടെ (ഒരു വർഷത്തെ സ്പോൺസർഷിപ്പ് തുകയായ് 10,000/- രൂപ ഒന്നിച്ചോ തവണകളായോ നൽകാവുന്നതാണ്.)
2. കുടുംബങ്ങളാട് ബന്ധപ്പെട്ടുള്ള വിശേഷ അവസരങ്ങളിൽ (ഉദാ: ജന്മദിന വാർഷികം, വിവാഹ വാർഷികം തുടങ്ങിയ വിശേഷ അവസരങ്ങളിൽ) ഈ കുട്ടികൾക്ക് ഒരു Special Meal Sponsor ചെയ്യാവുന്നതാണ്.
3. കുറഞ്ഞത് ഒരു ലക്ഷം രൂപ സംഭാവന നൽകി സ്പോൺസർഷിപ്പ് എൻഡോമെന്റ് എടുത്ത് പങ്കാളിയാവുക.
4. അവസരം കിട്ടുമ്പോൾ ഹോസ്റ്റൽ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ നേരിൽ കണ്ട് പ്രോത്സാഹിപ്പിക്കുകയും ചെയ്യാവുന്നതാണ്.
5. അഡോർ മിഷൻ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

**അഡോർ നൽകുന്ന സംഭാവനകൾക്ക് ആദായ നികുതി 80G പ്രകാരം കുറയ്ക്കുന്നതിന് അർഹതയുള്ളതാണ്.**

**PAN : AAATA3507A** **80G URN : AAATA3507AF20221**

**AGENCY FOR DEVELOPMENT OF OPPRESSED THORUGH RELIEF AND EDUCATION (ADORE)**

Reg. No. Q 181/84 under the Travancore-Cochin
Literary, Scientific and Charitable Socities
Registration Act 1995

**Office :** Adore, Vilayil, TKMC P.O., Kollam PIN : 691005
Tel : +91 9446573220 Email:adoremission@gmail.com
Website: www.adoremission.org www.adoremission.in

**Field Address**: ADORE Hostel, Jimidipeta PO, Rayagada, Odhisa PIN 765002 +91 9908449640

---

| | | |
|---|---|---|
| President | : | **Prof. A.V. Itty**<br>Adiyanil, Kottarkavu, Mavelikara - 690 101<br>Ph : 0479 - 2300 750<br>+919495017850 |
| Secretary | : | **Sri. Jacob Easow**<br>Valiparampil, TKM College PO,<br>Kollam-691005<br>Tel. +91 9446573220,<br>+91 8606473220 |
| Treasurer | : | **Mr. Koruthu Samuel**<br>Mullasery Bhavan, Kavanad,<br>Kollam 691003<br>Ph : +918281472773, +917012475106 |
| Executive Committee Members | : | **Dr. Koshy George,**<br>**Sri. K J John**<br>**Smt. Jainamma Abraham**<br>**Sri. P O Sunny** |

---

For Private Circulation only
Published by **Shri. Jacob Easow** for **Adore**